3

# മാനവവിഭവശേഷി വികസനം ഇന്ത്യയിൽ

# മാനവ വിഭവശേഷി വികസനം ഇന്ത്യയിൽ

## ചിത്രങ്ങൾ നിരീക്ഷിച്ച് തയ്യാറാക്കിയ  പട്ടിക

| | |
|---|---|
| ടാക്സി ഡ്രൈവർ | = യാത്രാ സൗകര്യം ഒരുക്കുന്നു. |
| കർഷകൻ | =കാർഷിക വിളകൾ ഉൽപാദിപ്പിക്കുന്നു . |
| ഡോക്ടർ | =രോഗികളെ പരിശോധിക്കുന്നു. |
| ഇൻജിനിയർ | = നിർമ്മാണ പ്രവർത്തനം നടത്തുന്നു. |
| ടീച്ചർ | =കുട്ടികളെ പഠിപ്പിക്കുന്നു. |
| ട്രാഫിക്ക് പൊലീസ് | = ഗതാഗതം സുഗമമാക്കി നടത്തുന്നു. |
| സയന്റിസ്റ്റ് | = രാസപരിശോധന നടത്തുന്നു. |

# മാനവവിഭവം

ഉൽപ്പാദനരംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയുന്ന അധ്വാനശേഷിയുള്ള ജനങ്ങളാണ് മാനവവിഭവം.

# മാനവവിഭവശേഷി വികസനം

- വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, പരിശീലനം എന്നിവയിലൂടെ മനുഷ്യന്റെ കായികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനെ മാനവവിഭവശേഷി വികസനം എന്നു പറയുന്നു.

# മാനവവിഭവശേഷി വികസനത്തിന്റെ വിവിധതലങ്ങൾ


വ്യക്തികൾ സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു.

- കുടുംബം വ്യക്തിയുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നു.
- വിവിധ സ്ഥാപനങ്ങളും ഏജൻസികളും പഠനം, പരിശീലനം എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു.
- രാഷ്ട്രം ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു.

# മാനവവിഭവത്തിന്റെ സവിശേഷതകൾ

| ഗണപരമായ സവിശേഷതകൾ | ഗുണപരമായ സവിശേഷതകൾ |
| --- | --- |
| ജനസംഖ്യാ വലുപ്പം<br>ജനസാന്ദ്രത<br>ജനസംഖ്യാവളർച്ച<br>ജനസംഖ്യാ ഘടന | വിദ്യാഭ്യാസം<br><br>ആരോഗ്യപരിപാലനം |

# മാനവ വിഭവം


ഗണപരമായ സവിശേഷതകൾ
ഗുണപരമായ സവിശേഷതകൾ
ജന സംഖ്യാ വലുപ്പം
ജന സാന്ദ്രത
ജന സംഖ്യാ വളർച്ച
ജന സംഖ്യാ ഘടന
ജനന നിരക്ക്
മരണ നിരക്ക്
* പ്രായ ഘടന
*സ്ത്രീ-പുരുഷ അനുപാതം
* തൊഴിൽ പങ്കാളിത്ത നിരക്ക്
* ആശ്രയത്വ നിരക്ക്
വിദ്യാഭ്യാസം
സാക്ഷരതാ നിരക്ക്
ആരോഗ്യ പരിപാലനം
ആയുർദൈർഘ്യം

# 1. ജനസംഖ്യാവലുപ്പം

# ജനസംഖ്യാവലുപ്പം

- ഒരു നിശ്ചിത സമയത്ത് ഒരു രാജ്യത്ത് താമസിക്കുന്ന ജനങ്ങളുടെ ആകെ എണ്ണത്തെയാണ് ആ രാജ്യത്തെ ജനസംഖ്യാവലുപ്പം എന്ന് പറയുന്നത്.

# ജനസംഖ്യാശാസ്ത്രം

- ജനസംഖ്യ, അതിന്റെ എണ്ണത്തിൽ വരുന്ന മാറ്റം, ഘടനാപരമായ സവിശേഷതകൾ തുടങ്ങിയവ വിശകലനം ചെയ്യുന്ന സാമൂഹ്യ ശാസ്ത്രശാഖയാണ് ജനസംഖ്യാശാസ്ത്രം.

# ജനസംഖ്യാ കണക്കെടുപ്പ്

- ഓരോ രാജ്യവും നിശ്ചിത ഇടവേളകളിൽ രാജ്യത്തെ ജനങ്ങളുടെ എണ്ണം, പ്രായം, സ്ത്രീ - പുരുഷൻ, സാമ്പത്തിക - സാമൂഹിക അവസ്ഥ തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുകയും വിശകലന വിധേയമാക്കുകയും ചെയ്യാറുണ്ട്. ജനസംഖ്യാ കണക്കെടുപ്പ് എന്നാണ് ഈ പ്രവർത്തനം അറിയപ്പെടുന്നത്.

- <u>പോപ്പുലേഷൻ രജിസ്ട്രാർ ജനറൽ ആന്റ് സെൻസസ് കമ്മീഷണറുടെ</u> ഓഫീസാണ് ഇന്ത്യയിൽ സെൻസസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

- ഇന്ത്യയിൽ 10 വർഷത്തിലൊരിക്കലാണ് ജനസംഖ്യാ കണക്കെടുപ്പ് നടത്തുന്നത്.
- 2011-ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ ജനസംഖ്യ 121.02 കോടിയാണ്

# ജനസംഖ്യാ പഠനം എന്തിന്?

- രാജ്യത്തെ മാനവവിഭവശേഷിയുടെ ലഭ്യതയറിയുക.
- ജനങ്ങൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ എത്രയെന്നറിയുക
- ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്തുക
- സാമ്പത്തിക-സാമൂഹിക വികസന നയങ്ങൾ രൂപീകരിക്കുക
- ജനങ്ങളുടെ വിവിധ ആവശ്യങ്ങളുടെ അളവ് നിശ്ചയിക്കാനും സർക്കാരിന് പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും.

- 19.4% ജനസംഖ്യയുള്ള ചൈന ലോകജനസംഖ്യയിൽ ഒന്നാംസ്ഥാനത്താണ്.
- ലോകജനസംഖ്യയുടെ 17.5% ഇന്ത്യയിലാണ്.
- വലുപ്പത്തിൽ ഏഴാംസ്ഥാനത്തുള്ള ഇന്ത്യ ജനസംഖ്യയിൽ രണ്ടാംസ്ഥാനത്താണ്.

| രാജ്യം | സ്ഥലവിസ്തൃതി | ജനസംഖ്യ (%) |
|---|---|---|
| റഷ്യ | 11.5 | 2 |
| അമേരിക്ക | 6.5 | 4.5 |
| ചൈന | 6.4 | 19.4 |
| ബ്രസീൽ | 5.7 | 2.8 |
| ഇന്ത്യ | 2.4 | 17.5 |

# 2. ജനസാന്ദ്രത


# ജനസാന്ദ്രത

ഒരു ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ എണ്ണമാണ് ജനസാന്ദ്രത.

# . ജനസാന്ദ്രതയെ സ്വാധീനിക്കുന്ന ഘടകങ്ങൾ

ഭൂപ്രകൃതി
ജലലഭ്യത
വിഭവലഭ്യത
ഗതാഗതസൗകര്യങ്ങൾ
തൊഴിൽ ലഭ്യത

# DENSITY OF POPULATION, 2011



# 3.ജനസംഖ്യാ വളർച്ച

# ജനസംഖ്യാ വളർച്ച, ജനസംഖ്യാ വളർച്ചാ നിരക്ക് എന്നിവ എന്താണ്?

- ഒരു പ്രദേശത്തെ ജനസംഖ്യയിൽ നിശ്ചിത കാലയളവിൽ ഉണ്ടാകുന്ന വർധനവിനെയാണ് ജനസംഖ്യാ വളർച്ച എന്നു പറയുന്നത്.
- ജനസംഖ്യ മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വർധിച്ചു എന്നതാണ് ജനസംഖ്യാവളർച്ചാ നിരക്ക്.

| വർഷം | ജനസംഖ്യ (കോടിയിൽ) | ദശാബ്ദ വളർച്ചനിരക്ക് (ശതമാനത്തിൽ) |
|---|---|---|
| 1951 | 36.11 | 13.31 (1941 - 51) |
| 1961 | 43.90 | 21.64 (1951 - 61) |
| 1971 | 54.82 | 24.80 (1961 - 71) |
| 1981 | 68.33 | 24.66 (1971 - 81) |
| 1991 | 84.64 | 23.87 (1981 - 91) |
| 2001 | 102.87 | 21.54 (1991 - 2001) |
| 2011 | 121.02 | 17.64 (2001 - 11) |

*അവലംബം : സെൻസസ് ഇന്ത്യ 2011 (Provisional)*

ഇന്ത്യയിലെ ജനസംഖ്യാ വളർച്ചാ നിരക്ക് സൂചിപ്പിക്കുന്ന പട്ടിക പരിശോധിക്കുക.

ഏത് ദശകത്തിലാണ് ഏറ്റവും കൂടുതൽ ജനസംഖ്യാ വളർച്ച രേഖപ്പെടുത്തിയിട്ടുള്ളത്.

1961 – 1971

ജനസംഖ്യാ വളർച്ചാ നിരക്കിൽ കുറവ് വരുന്നത് ഏത് വർഷം മുതൽ.

1971 മുതൽ

2001–2011 കാലഘട്ടത്തിൽ ജനസംഖ്യാ വളർച്ചാ നിരക്കിൽഎത്ര ശതമാനം കുറവുണ്ടായി.

3.9%

# ജനസംഖ്യയിൽ മാറ്റം വരുത്തുന്ന ഘടകങ്ങൾ

- ജനന നിരക്ക്
- മരണനിരക്ക്
- കുടിയേറ്റം

**ജനന നിരക്ക്**

ആകെ ജനസംഖ്യയിൽ 1000 പേർക്ക് എത്ര കുഞ്ഞുങ്ങൾ ജീവനോടെ ജനിക്കുന്നു എന്നതാണ് ജനനിരക്ക്

**മരണനിരക്ക്**

ആകെ ജനസംഖ്യയിൽ 1000 പേർക്ക് എത്രമരണങ്ങൾ നടക്കുന്നു എന്നതാണ് മരണനിരക്ക്.


**കുടിയേറ്റം**

ഒരു പ്രദേശത്ത് നിന്ന് ജനങ്ങൾ മറ്റൊരു പ്രദേശത്തേക്കു താമസം മാറുന്നതാണ്കുടിയേറ്റം.

- **ജനന നിരക്ക് വർധിക്കുകയും മരണനിരക്ക് കുറയുകയും ചെയ്താൽ ജനസംഖ്യ വർധിക്കും.**
- **ജനന നിരക്ക് കുറയുകയും മരണനിരക്ക് വർധിക്കുകയും ചെയ്താൽ ജനസംഖ്യ കുറയും.**
- **ജനന നിരക്കും മരണനിരക്കും തുല്യമായാൽ ജനസംഖ്യയിൽ മാറ്റമുണ്ടാകില്ല.**
- **കുടിയേറ്റം ഒരു പ്രദേശത്ത് ജനസംഖ്യ വർധിക്കുന്നതിനും മറ്റൊരു പ്രദേശത്ത് ജനസംഖ്യ കുറയുന്നതിനും കാരണമാകും.**

# ജനസംഖ്യ ഘടന.

# ജനസംഖ്യാപ്രായഘടന വിതരണം




അവലംബം : സെൻസസ് ഇന്ത്യ - 2011

# <u>പ്രായഘടന.</u>

ജനസംഖ്യയെ വിവിധ പ്രായക്കാരുടെ ഗ്രൂപ്പുകളാക്കി തിരിച്ച് ആകെ ജനസംഖ്യയിൽ ഓരോ ഗ്രൂപ്പും എത്രയെന്ന് ആനുപാതികമായി വിശേഷിപ്പിക്കുന്നതാണ് പ്രായഘടന.

# തൊഴിൽ പങ്കാളിത്ത നിരക്ക്

- 15 വയസിനും 59 വയസിനും ഇടയിൽ പ്രായമുള്ളവരിൽ തൊഴിലുള്ളവരും തൊഴിലന്വേഷകരുമായവരുടെ എണ്ണവും ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതമാണ് തൊഴിൽ പങ്കാളിത്ത നിരക്ക്.

# ആശ്രയത്വനിരക്ക്

- ആകെ ജനസംഖ്യയിൽ അധ്വാനശേഷിയുള്ള വിഭാഗത്തെ ആശ്രയിച്ചു കഴിയുന്ന 0 മുതൽ 14 വയസ്സുവരെയുള്ളവരും 60 വയസു മുതൽ ഉള്ളവരുടെയും അനുപാതമാണ് ആശ്രയത്വനിരക്ക്

# ജനസംഖ്യയെ വിവിധ പ്രായക്കാരുടെ ഗ്രൂപ്പുകളാക്കി തരംതിരിച്ച് വിശകലനം ചെയ്യുന്നതിന്റെ ആവശ്യകതയെന്ത്

- **ഓരോ വിഭാഗത്തിൽ എത്ര ജനങ്ങൾ എന്നറിയുവാൻ.**
- **ഓരോ വിഭാഗത്തിന്റെയും ആവശ്യങ്ങൾ കണ്ടെത്തുവാൻ.**
- **മാനവവിഭത്തിന്റെ ലഭ്യതയറിയുവാൻ.**
- **തൊഴിൽ പങ്കാളിത്ത നിരക്ക്, ആശ്രയതനിരക്ക് എന്നി കണ്ടെത്തുന്നതിന്**

**ആശ്രയത്വനിരക്ക് കൂടുകയും തൊഴിൽ പങ്കാളിത്ത നിരക്ക് കുറയുകയും ചെയ്യുന്നതുകൊണ്ട് സാമ്പത്തിക രംഗത്തുണ്ടാകുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നു.**

- 15-59 പ്രായക്കാരുടെ എണ്ണം കുറയുന്നതിനനുസരിച്ച് അധ്വാനശേഷിയുടെ ലഭ്യത കുറയുന്നു. ഉൽപ്പാദനം കുറയുന്നു.
- ആശ്രയത്വ നിരക്ക് വർധിക്കുന്നതുകൊണ്ട് കുട്ടികളുടെയും പ്രായമായവരുടെയും സംരക്ഷണ ചെലവ് കൂടുന്നു. രാജ്യത്തിന്റെ ആകെ വരുമാനത്തിന്റെ നല്ലൊരു ഭാഗം ഉൽപ്പാദനപരമല്ലാത്ത കാര്യങ്ങൾക്കായി ചെലവാക്കുന്നതിനാൽ ഉൽപ്പാദന-വികസന പ്രവർത്തനങ്ങൾക്കുള്ള പണം കുറയുകയും തൽഫലമായി വികസനം കുറയുവാൻ ഇടയാക്കുന്നു.

# സ്ത്രീ-പുരുഷ അനുപാതം

- 1000 പുരുഷൻമാർക്ക് എത്ര സ്ത്രീകൾ എന്നതാണ് സ്ത്രീ-പുരുഷ അനുപാതം.

# ഗുണപരമായ ഘടകങ്ങൾ

## മാനവവിഭവശേഷി മെച്ചപ്പെടുത്തുന്ന ഗുണപരമായ ഘടകങ്ങൾ ഏതെല്ലാം?

- വിദ്യാഭ്യാസം
- ആരോഗ്യപരിപാലനം
- പരിശീലനങ്ങൾ
- സാമൂഹിക മൂലധനം

# മാനവവിഭവശേഷി മെച്ചപ്പെടുത്തുന്നതു കൊണ്ടുള്ള പ്രയോജനങ്ങൾ

- തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാം
- പ്രകൃതി വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം
- സാമ്പത്തിക അന്തരം കുറയ്ക്കാം
- സാമൂഹികക്ഷേമം ഉറപ്പുവരുത്താം
- സംരംഭകത്വം മെച്ചപ്പെടുത്താം
- മെച്ചപ്പെട്ട സാങ്കേതിക വിദ്യകളുടെ വികസനവും ഉപയോഗവും സാദ്ധ്യമാക്കാം


മെച്ചപ്പെട്ട മാനവ വിഭവം
തൊഴിലാളികളുടെ ഉൽപ്പാദന ക്ഷമത വർധിപ്പിക്കാം.
സാമ്പത്തിക അന്തരം കുറയ്ക്കാം.
സംരംഭകത്വം മെച്ചപ്പെടുത്താം.
പ്രകൃതിവിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം.
സാമൂഹികക്ഷേമം ഉറപ്പുവരുത്താം.
മെച്ചപ്പെട്ട സാങ്കേതികവിദ്യകളുടെ വികസനവും ഉപയോഗവും സാധ്യമാക്കാം.

# വിദ്യാഭ്യാസം എങ്ങനെ രാജ്യത്തിന്റെ വികസനത്തിനു സഹായിക്കുന്നു



# <u>സാക്ഷരതാനിരക്ക്</u>

- ജനസംഖ്യയിൽ 100 പേരിൽ എത്രപേർക്ക് ആശയം മനസ്സിലാക്കി എഴുതുവാനും വായിക്കാനും അറിയുന്ന എന്നതാണ് <u>സാക്ഷരതാനിരക്ക്.</u>

**വിദ്യാഭ്യാസം, നൈപുണി എന്നിവ മെച്ചപ്പെടുത്തുന്നതിനായി നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയ പദ്ധതികളും അവയുടെ ലക്ഷ്യങ്ങളും**

| പദ്ധതികൾ | ലക്ഷ്യങ്ങൾ |
| --- | --- |
| സംയോജിത ശിശുവികസന സേവന പരിപാടി (ICDS) | • 6 വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്രവികസനം.<br>• ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനം. |
| സർവശിക്ഷാ അഭിയാൻ (SSA) | • സാർവത്രിക പ്രാഥമികവിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുക.<br>• വിദ്യാഭ്യാസസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.<br>• |
| രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) | • സെക്കന്ററി വിദ്യാഭ്യാസലഭ്യത ഉറപ്പുവരുത്തുക.<br>• വിദ്യാഭ്യാസസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.<br>• |
| രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (RUSA) | • ഉന്നതവിദ്യാഭ്യാസ ലഭ്യത വർധിപ്പിക്കുക.<br>• ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക.<br>• |
| നാഷണൽ സ്കിൽ ഡവലപ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം | • യുവജനങ്ങളുടെ തൊഴിൽ നൈപുണി മെച്ചപ്പെടുത്തുക.<br>• തൊഴിൽവൈദഗ്ധ്യം നേടിയവരുടെ ലഭ്യത ഉറപ്പുവരുത്തുക.<br>• |

# വിദ്യാഭ്യാസ മേഖലയിൽ ഇനിയും പരിഹരിക്കേണ്ടതായ പ്രശ്നങ്ങൾ

- പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെ ഒരു വിഭാഗം വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞുപോകുന്നുണ്ട്.
- വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവുണ്ട്.
- വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടേണ്ടതുണ്ട്

# എന്താണ് ആരോഗ്യം ?

- ശാരീരികമായും മാനസികമായും സാമൂഹികവുമായും ആയ സുസ്ഥിതിയാണ് ആരോഗ്യം

# ആരോഗ്യം മെച്ചപ്പെടുന്നതുകൊണ്ട് രാജ്യത്തിന് എന്തെല്ലാം പ്രയോജനങ്ങളുണ്ട്?

- തൊഴിൽ ദിനങ്ങളുടെ എണ്ണം വർധിക്കുന്നതുകൊണ്ടും കാര്യക്ഷമത വർധിക്കുന്നതുകൊണ്ടും ഉൽപ്പാദനം കൂടും.
- പ്രകൃതി വിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാകും.
- ചികിൽസാ ചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തിക ചെലവ് കുറയ്ക്കാനും കഴിയും
- ഉൽപ്പാദന വർധനവിലൂടെ സാമ്പത്തിക വികസനം സാധ്യമാകും.

# മെച്ചപ്പെട്ട ആരോഗ്യം നിലനിർത്താൻ എന്തെല്ലാം സൗകര്യങ്ങളാണ് വേണ്ടത്?

- പോഷകാഹാരലഭ്യത
- ശുദ്ധജലലഭ്യത
- രോഗപ്രതിരോധ സംവിധാനങ്ങൾ
- ശുചിത്വപരിപാലനം
- ചികിത്സാസൗകര്യങ്ങൾ
- വിശ്രമവും വിനോദവും ഉറപ്പുവരുത്തൽ
- ആരോഗ്യകരമായ പരിസ്ഥിതി

# ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയ സംവിധാനങ്ങളും അവയുടെ ലക്ഷ്യങ്ങളും

## NRHM- ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ

**ഗ്രാമീണ മേഖലയിൽ മെച്ചപ്പെട്ട ആരോഗ്യ സേവനം ലഭ്യമാക്കുന്നു**

## NUHM- ദേശീയ നഗരാരോഗ്യ മിഷൻ

**അമ്പതിനായിരത്തിൽ അധികം ജനസംഖ്യയുള്ള പട്ടണങ്ങളിലെ ചേരിനിവാസികൾക്കും മറ്റു പാർശ്വവൽക്കരിക്കപ്പെട്ടവർക്കും മെച്ചപ്പെട്ട ആരോഗ്യ സേവനം ലഭ്യമാക്കുന്നു.**

# ആയുർദൈർഘ്യം

- ശരാശരി എത്ര വയസ്സുവരെ ജീവിച്ചിരിക്കുന്നു എന്നതാണ് ആയുർദൈർഘ്യം.

Prepared by

Sheela N
HSA (Social Science)
GVHSS Kulathoor
Uchakkada